LIBRARY ARCHIVES Kerala Legislative Assembly

ഡീസലിനും പെട്രോളിനും നികുതി വർദ്ധനവ്

220 (566) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അവസാനത്തെ ഒരു വർഷത്തിനിടയിൽ ഡീസലിനും പെട്രോളിനും എത്ര തവണ നികുതി വർദ്ധനവ് ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നികുതി വർദ്ധനവ് എപ്പോഴൊക്കെയാണ് വരുത്തിയിട്ടുള്ളത് എന്നും ഇതിൽ ഓരോ പ്രാവശ്യത്തെ വർദ്ധനവ് കൊണ്ട് എത്ര രൂപ നികുതി ഇനത്തിൽ ലഭ്യമായിട്ടുണ്ട് എന്നും പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അവസാനത്തെ ഒരു വർഷത്തിനിടയിൽ ഡീസലിന് 5 തവണയും പെട്രോളിന് 6 തവണയും നികുതി വർദ്ധനവ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത നികുതി വർദ്ധനവ് വരുത്തിയിട്ടുള്ള തീയതിയും ഓരോ പ്രാവശ്യത്തെ വർദ്ധനവുകൊണ്ട് നികുതിയിനത്തിൽ ലഭ്യമായ തുകയും ചുവടെ ചേർക്കുന്നു :

വർദ്ധനവ് വരുത്തിയ തീയതി	നികുതിയിനത്തിൽ ലഭ്യമായ തുക(കോടിയിൽ)
	പെട്രോൾ
24-9-2014	33.83
30-10-2014	18.72
19-11-2014	40.17
3-1-2015	23.29
7-2-2015	2.84
20-2-2015	13.69
	ഡീസൽ
30-10-2014	₹ 53.40
19-11-2014	₹ 36.75
3-1-2015	₹ 22.79
7-2-2015	₹ 1.63
20-2-2015	₹ 12.40